# പെൺകുട്ടിയെ കടത്തിക്കൊണ്ടുപോയ സംഭവം ഫോണിൽ നിറയെ നഗ്നചിത്രവും വീഡിയോകളും

## ■മഹേഷ് ഉപാധ്യായ സെക്സ് റാക്കറ്റ് കണ്ണി?
## ■ജാമ്യമെടുക്കാൻ ഡൽഹിയിൽ നിന്നും അഭിഭാഷകനെത്തി

കൊച്ചി: ഹിന്ദിസിനിമയിൽ അഭിനയിപ്പിക്കാമെന്ന്വാഗ്ദാനം നൽകിവടുതലയിൽനിന്ന്പെൺകുട്ടിയെ കടത്തിക്കൊണ്ടുപോയ കേസിലെ പ്രതി മഹേഷ് ഉപാധ്യായയ്ക്ക് ഉത്തരേന്ത്യ കേന്ദ്രീകരിച്ച്പ്രവർത്തിക്കുന്ന സെക്സ്റാക്കറ്റുമായി ബന്ധമെന്ന്പൊലീസ്സംശയിക്കുന്നു.

സംഭവവുമായി ബന്ധപ്പെട്ട്ഇയാളിൽ നിന്ന്പിടിച്ചെടുത്ത മൊബൈൽ ഫോണിൽ സമാന പ്രായക്കാര പെൺകുട്ടികളുടെ നഗ്നചിത്രങ്ങളും വീഡിയോകളും കണ്ടെടുത്ത സാഹചര്യത്തിലാണ് ഇത്തരമൊരു സംശയത്തിലേക്ക് പൊലീസ് എത്തിച്ചിരിക്കുന്നത്. ജാമ്യത്തിലെടുക്കാൻ ഉത്തരേന്ത്യക്കാരനായ അഭിഭാഷകൻ ഹാജരായതും പ്രതിയുടെ സെക്സ് റാക്കറ്റ് ബന്ധത്തിലേക്ക് വിരൽചൂണ്ടുന്നതെന്നാണ് വിലയിരുത്തുന്നത്. ഇന്നലെ വൈകിട്ടാണ് മഹേഷ് ഉപാധ്യായയ്ക്കായി അഭിഭാഷകനെത്തിയത്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

പ്രതിയെ കസ്റ്റഡിയിൽ വിട്ടുനൽകണമെന്നാവശ്യപ്പെട്ട്പൊലീസ് ഇന്ന് കോടതിയിൽ അപേക്ഷ നൽകും. കഴിഞ്ഞ ബുധനാഴ്ചയാണ് കൊച്ചി സിറ്റിപൊലീസ് സംഘം നോയിഡയിൽ നിന്ന് രാജസ്ഥാൻ സ്വദേശിയായ മഹേഷ് ഉപാധ്യായയെ പിടികൂടിയത്. നാലുദിവസം നീണ്ട തിരച്ചിലിലായിരുന്നു അറസ്റ്റ്.

വിമാന മാർഗം ഇന്നലെ രാവിലെ കൊച്ചിയിൽ എത്തിക്കുകയായിരുന്നു. ഉത്തർപ്രദേശ് സ്വദേശിനിയും വർഷങ്ങളായി കൊച്ചിയിൽ സ്ഥിരതാമസമാക്കിയ ഇരുപതുകാരിയെയാണ് പീഡനത്തിന്ഇരയായത്. പെൺകുട്ടിയുടെ പിതാവിന്റെ പരാതിയിലാണ് അറസ്റ്റ്.

ഈ മാസം 15നാണ് പ്രതി പെൺകുട്ടിയുമായി നോയിഡയിലേക്ക് കടന്നത്. സിനിമയിൽ മികച്ച അവസരം നൽകാമെന്ന്വാഗ്ദാനം നൽകിയതോടെ പെൺകുട്ടിയുടെ പിതാവാണ് കുട്ടിയ ഇയാളോടൊപ്പം പറഞ്ഞയച്ചത്. എന്നാൽ, പെൺകുട്ടിയെ തിരിച്ചുകിട്ടാൻ മോചനദ്രവ്യം ആവശ്യപ്പെട്ടതോടെയാണ് തങ്ങൾ ചതിക്കപ്പെട്ടു എന്ന്മാതാപിതാക്കൾ തിരിച്ചറിഞ്ഞത്. അഞ്ച്ലക്ഷം രൂപയാണ് ഇയാൾ പെൺകുട്ടിയുടെ മാതാപിതാക്കളിൽ നിന്നും ആവശ്യപ്പെട്ടത്.

ഭീഷണി ശക്തമായതോടെ ആദ്യം 30,000 രൂപയും പിന്നെ 50,000 രൂപയും കൈമാറി. ബ്ലാക്ക്മെയിലിംഗ് തുടർന്നതോടെ മാതാപിതാക്കൾപൊലീസിൽപരാതിപ്പെടുകയായിരുന്നു.

ഫേസ്ബുക്കിലൂടെയാണ് യുവതിയും ലക്കി ശർമ്മയും പരിചയത്തിലാകുന്നത്. നിരന്തരമായുള്ള ഫേസ്ബുക്ക് ചാറ്റിംഗിലൂടെ സൗഹൃദം വളർന്നു.

ഇതിനിടെയാണ് ഇയാൾ പെൺകുട്ടിക്ക് ഹിന്ദി സിനിമയിൽ അവസരം വാഗ്ദാനം ചെയ്തത്. പെൺകുട്ടി ഇത് കണ്ണടച്ച് വിശ്വസിച്ചു.

പിന്നീടാണ് മാതാപിതാക്കളോട് ഇക്കാര്യം പറയുകയും ഉത്തർപ്രദേശിലേക്ക് പോകാൻ അനുവാദം വാങ്ങുന്നതും. പെൺകുട്ടിയെ നോയിഡയിലേക്ക്കൂട്ടിക്കൊണ്ടുപോയി അവിടെ ഒരു വീട്ടിൽതാമസിപ്പിച്ച്ഇയാൾ പീഡിപ്പിച്ചു. ഈ ദൃശ്യങ്ങളും പ്രതി പകർത്തി. മോചനദ്രവ്യം വേഗത്തിൽ ലഭിക്കുന്നതിനായി ഈ ദൃശ്യങ്ങൾ പുറത്തുവിടുമെന്നും പെൺകുട്ടിയെ സെക്സ് റാക്കറ്റിന് വിൽക്കുമെന്നും ഭീഷണിപ്പെടുത്തിയിരുന്നു.

ഇതോടെയാണ് പെൺകുട്ടിയുടെ മാതാപിതാക്കൾ പണം നൽകാൻ തീരുമാനിച്ചത്.

### പട്ടിണിക്കിട്ടു ക്രൂരമായി പീഡിപ്പിച്ചു

പൊലീസ് പെൺകുട്ടിയെ രക്ഷപെടുത്തുന്നത് സെക്സ് റാക്കറ്റിന് കൈമാറുന്നതിന് തലേ ദിവസമാണ്. ഇക്കാര്യം മഹേഷ്ഉപാധ്യായ പൊലീസിനോട്വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കൂടുതൽ വിവരങ്ങളൊന്നും പൊലീസ്പുറത്ത് വിട്ടിട്ടില്ല.

അതേസയമം, പെൺകുട്ടിയെ രക്ഷപ്പെടുത്തുമ്പോൾ കുട്ടി ഭക്ഷണം പോലും കഴിക്കാതെ അവശനിലയിലായിരുന്നു. ഭക്ഷണം നൽകാതെയാണ്ഇയാൾപെൺകുട്ടിയെ പീഡിപ്പിച്ചിരുന്നത്. ഇയാളുടെ സുഹൃത്തുക്കളും പെൺകുട്ടിയെ പീഡിപ്പിരുന്നതായണ്വിവരം. കേസിൽ കൂടുതൽപേർ ഉൾപ്പെട്ടിട്ടുണ്ടെന്നാണ്പൊലീസ് പറയുന്നത്.

കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യുന്നതാലെ കൂടുതൽ വിവരങ്ങൾ ലഭ്യമാകൂ എന്നാണ്പൊലീസ്പ്രതീക്ഷിക്കുന്നത്.

---

### വണ്ടയ്ക്കൽ തോളൂർ ചെമ്പകമംഗലം റോഡ്പണി പൂർത്തിയാക്കണം

ആര്യനാട്: തകർന്നുകിടക്കുന്ന ആര്യനാട് തോളൂർ ചെമ്പകമംഗലം റോഡും, വണ്ടയ്ക്കൽ റോഡും പണി പൂർത്തിയാക്കി കുട്ടിച്ചേർക്കണമെന്ന നാട്ടുകാരുടെ ആവശ്യം ശക്തമാകുന്നു. ഈ രണ്ട് റോഡിനും മദ്ധ്യഭാഗത്തായി തോടിന്റെ കരയിലാണ് അംഗൻവാടി പ്രവർത്തിക്കുന്നത്.

മഴ പെയ്താൽ ഇവിടം ചെളിക്കുണ്ടായി മാറും. ഈ റോഡ് സൈഡ്വാൾ കെട്ടി കോൺക്രീറ്റ് ചെയ്താൽ പ്രശ്നത്തിന് പരിഹാരം കാണാമെന്നാണ് നാട്ടുകാർ പറയുന്നത്. ബന്ധപ്പെട്ടവർ ഇടപെട്ട് പ്രശ്നത്തിന് എത്രയും പെട്ടെന്ന് ശാശ്വത പരിഹാരം കാണണമെന്ന് ആര്യനാട്വണ്ടയ്ക്കൽ ശ്രീഭദ്രാ പുരുഷ സ്വയം സഹായ സംഘം പ്രവർത്തക യോഗം ആവശ്യപ്പെട്ടു.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: മണ്ണന്തലയിലെ വിവിധ റസിഡന്റ്സ് അസോസിയേഷനുകളുടെ സംയുക്ത സംഘടനയായ കോറവും, ശാന്തിഗിരി ആയുർവേദ ആൻഡ് സിദ്ധ കെയർ സെന്ററും, പട്ടം താണുപിള്ള മെമ്മോറിയൽ ജില്ലാ ഗവ. ഹോമിയോ ഹോസ്പിറ്റലും, മുത്തൂറ്റ് ലബോറട്ടറിയും സംയുക്തമായി 25ന് രാവിലെ 9 മുതൽ മണ്ണന്തല ഗവ. ഹൈസ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. മണ്ണന്തല വാർഡ് കൗൺസിലർ എൻ. അനിൽകുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ആയുർവേദം, ഹോമിയോ, സിദ്ധ വിഭാഗത്തിലെ പ്രഗല്ഭരായ ഡോക്ടർമാർ ക്യാമ്പിൽ പങ്കെടുക്കും.

### കെ.പി.സി.സി ഭാരവാഹി യോഗം 28ന്

തിരുവനന്തപുരം: കെ.പി.സി.സി ഭാരവാഹികളുടേയും ഡി.സി.സി പ്രസിഡന്റുമാരുടേയും യോഗം 28ന് രാവിലെ 10 ന് ഇന്ദിരാഭവനിൽ ചേരും. കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ അദ്ധ്യക്ഷത വഹിക്കും.

---

# ദിലീപിനെ ബ്ലാക്ക്മെയിൽ ചെയ്യാൻ ശ്രമം:ഒന്നരക്കോടി ആവശ്യപ്പെട്ടു

കൊച്ചി:നടിയെ തട്ടിക്കൊണ്ടുപോയ സംഭവവുമായി ബന്ധപ്പെട്ട്അറസ്റ്റിലായ പ്രതി പൾസർസുനിയും സഹതടവുകാരനും തന്നെ ബ്ളാക്ക്മെയിൽചെയ്ത്ഒന്നരക്കോടിരൂപ ആവശ്യപ്പെട്ടതായി നടൻ ദിലീപ്ഡി.ജി.പിക്ക്പരാതിനൽകി. സുനിലിന്റെ കത്ത്ജയിലിന് പുറത്തെത്തിച്ച സഹതടവുകാരൻ വിഷ്ണു ഭീഷണിപ്പെടുത്തിയെന്നാണ് ദിലീപിന്റെ പരാതിയിൽ പറയുന്നത്.

അതിനിടെ ജയിലിൽ കഴിയവെ നടിയെ ആക്രമിച്ച കേസിലെ മുഖ്യപ്രതി പൾസർ സുനി തന്നോട്വെളിപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ രഹസ്യമൊഴിയിലും ആവർത്തിക്കുമെന്ന് ചാലക്കുടി സ്വദേശി ജിൻസ്.

ഒരു സ്വകാര്യ ചാനലിനോടാണ് ഇയാൾ ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത്. നേരത്തെ ക്വട്ടേഷൻ നൽകിയത് പ്രമുഖനാണെന്ന് സുനി പറഞ്ഞതായാണ് ഇയാൾ പൊലീസിന്മൊഴി നൽകിയിരുന്നു. ഈ വിവരം തന്നെ രഹസ്യമൊഴിലും ആവർത്തിക്കുമെന്നാണ്ജിൻസ്ഇപ്പോൾ പറയുന്നത്. ജിൻസിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം ആക്രമിക്കപ്പെട്ട യുവനടിയിൽ നിന്ന് അന്വേഷണസംഘം വീണ്ടും മൊഴിയെടുത്തിരുന്നു. എ.ഡി.ജി.പി ബി. സന്ധ്യയുടെ നേതൃത്വത്തിലുള്ള സംഘം നടിയിൽ നിന്ന്വീണ്ടും മൊഴിയെടുത്തത്.

നെടുമ്പാശ്ശേരി പൊലീസ് രജിസ്റ്റർ ചെയ്ത തട്ടിപ്പുകേസിലെ പ്രതിയായ ജിൻസിനെ റിമാൻഡ് ചെയ്തിരുന്ന അതേ ജയിൽമുറിയിലാണ്സുനിയെയും പാർപ്പിച്ചിരുന്നത്.

പത്ത് ദിവസത്തിന് ശേഷം ജിൻസ്പുറത്തിറങ്ങി. തുടർന്ന്ഇയാളെ കണ്ടെത്തി ചോദ്യം ചെയ്യുകയായിരുന്നു. ജയിലിൽവെച്ച്സുനി എഴുതിയ കത്ത് പുറത്തെത്തിച്ചത് ജിൻസാണ്. ഇതേതുടർന്ന് പൊലീസ്കൂടുതൽ അന്വേഷണം നടത്തിയിരുന്ന

സംഭവത്തിന്ദിവസങ്ങൾക്ക് മുമ്പ്പൾസർ സുനി സിനിമാരംഗത്തെ പ്രമുഖനുമായി ഫോണിൽ സംസാരിച്ചതിന്റെ വിവരങ്ങളും അന്വേഷണസംഘം ശേഖരിച്ചിട്ടുണ്ട്. ആക്രമിക്കുന്നതിനിടെ ഇതൊരു ക്വട്ടേഷനാണെന്നും സഹകരിക്കണമെന്നും പൾസർ സുനി പറഞ്ഞതായി നടി നേരത്തെ വെളിപ്പെടുത്തിയിരുന്നു. ഏഴ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചപ്പോൾ ഗൂഢാലോചനയെക്കുറിച്ച് അന്വേഷണം തുടരുകയാണെന്ന് പൊലീസ് വ്യക്തമാക്കിയിരുന്നു. ഉയർന്ന ഉദ്യോഗസ്ഥർ വീണ്ടും കേസന്വേഷണത്തിന് മേൽനോട്ടം വഹിക്കാനെത്തിയത് കൂടുതൽ സുപ്രധാന വിവരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നും സൂചനയുണ്ട്.

ബ്ളാക്ക്മെയിലിംഗിനായി പൾസറും ജിൻസും രചിച്ച തിരക്കഥയാണോ പുതിയ വെളിപ്പെടുത്തലെന്നും പൊലീസ് അന്വേഷിക്കുന്നുണ്ട്.

ഫെബ്രുവരി 17ന്രാത്രിയിലാണ്തൃശ്ശൂരിൽ നിന്ന്കൊച്ചിയിലേക്ക്വന്ന നടിയുടെ വാഹനം തട്ടിയെടുത്ത് ആക്രമിച്ചത്.

---

# പണമെറിഞ്ഞാൽ രേഖകൾ തരംപോലെ മാറ്റാം

## ചെമ്പനോട വില്ലേജ് ഓഫീസിൽ അടിമുടി ക്രമക്കേട് വിജിലൻസ് എസ്.പി അന്വേഷിക്കും

കോഴിക്കോട്: കർഷകൻ ആത്മഹത്യചെയ്ത ചക്കിട്ടപ്പാറയിലെ ചെമ്പനോട വില്ലേജ്ഓഫീസിൽ നിന്ന്പുറത്തുവരുന്നത്ഞെട്ടിപ്പിക്കുന്ന തട്ടിപ്പുകൾ.

വില്ലേജ്ഓഫീസിൽകരംസ്വീകരിക്കാത്തതിൽ മനംനൊന്താണ് ചക്കിട്ടപാറയിലെ പുരയിടത്തിൽ ജോയി (56) വില്ലേജ് ഓഫീസ്വരാന്തയിലെ ഗ്രിൽസിൽ തൂങ്ങിമരിച്ചത്. കർഷകന്റെ ആത്മഹത്യക്ക് ഉത്തരവാദികൾ വില്ലേജ്ഓഫീസിലെ ജീവനക്കാരാണെന്ന് പറഞ്ഞ് ജോയിയുടെ ബന്ധുക്കളും നാട്ടുകാരും പ്രതിഷേധവുമായി രംഗത്തിറങ്ങിയിരുന്നു.

പ്രതിഷേധത്തെ തുടർന്ന് ജില്ലാ കളക്ടർ നേരിട്ടെത്തി നാട്ടുകാരുമായി ചർച്ചനടത്തി വില്ലേജ്ഓഫീസറെയും വില്ലേജ് അസിസ്റ്റന്റിനെയും സസ്പെൻഡ് ചെയ്തിരുന്നു. കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഭവം അന്വേഷിക്കാൻ കോഴിക്കോട്വിജിലൻസ്ഡിവൈ.എസ്.പി ജി. സാബുവിനെ റവന്യൂ വകുപ്പ്സെക്രട്ടറി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഡിവൈ.എസ്.പി ഇന്നലെവില്ലേജ്ഓഫീസിലെത്തി രേഖകൾ പിടിച്ചെടുത്ത് നടത്തിയ പരിശോധനയിൽ ഞെട്ടിപ്പിക്കുന്ന ക്രമക്കേടുകളും അഴിമതികളുമാണ് കണ്ടെത്തിയിട്ടുള്ളത്.

വർഷങ്ങളായി കരമടച്ച്കൊണ്ടിരിക്കുന്ന കൃഷിഭൂമി വനഭൂമിയാക്കുകയും, വനഭൂമി കൃഷിഭൂമിയാക്കി തരംമാറ്റി കരം സ്വീകരിക്കുകയും ചെയ്തതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഭൂവിസ്തൃതിയുടെ കാര്യത്തിൽ വൻ വെട്ടിപ്പാണ് വില്ലേജ് ഓഫീസ് രേഖകളിൽ കണ്ടെത്തിയത്.

രേഖകളിലുള്ള യഥാർത്ഥ ഭൂവിസ്തൃതി കൂട്ടിയും കുറച്ചും കരം സ്വീകരിച്ചതായി പരിശോധനയിൽ തെളിഞ്ഞു. വില്ലേജ് ഓഫീസിൽ നിന്ന് അനുവദിച്ച വരുമാന സർട്ടിഫിക്കറ്റുകളിലുംജാതിസർട്ടിഫിക്കറ്റിൽപോലും അക്ഷരമാറ്റം വരുത്തി അനുവദിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി കുര്യൻ ഇന്ന് വില്ലേജ് ഓഫീസിലെത്തി പരിശോധന നടത്തും.

അതിന് ശേഷം വിജിലൻസ് പരിശോധന തുടരുമെന്നാണ് അറിയുന്നത്.

പരിശോധന വില്ലേജ് ഓഫീസിൽ മാത്രം ഒതുങ്ങില്ലെന്നും താലൂക്ക്ഓഫീസിലേക്കുകൂടി വ്യാപിപ്പിക്കുമെന്നും വിജിലൻസ് അറിയിച്ചു. അതിനിടെ വില്ലേജ്ഓഫീസിലെ ക്രമക്കേടിനും അഴിമതിക്കും താലൂക്ക് ഓഫീസിലെ ചില ജീവനക്കാരുടെ അറിവും സമ്മതവും ഉണ്ടെന്ന വിവരവും പുറത്തുവന്നിട്ടുണ്ട്.

ചെമ്പനോട വില്ലേജ് ഓഫീസിലെ അഴിമതിയുടെ വ്യാപ്തി കണക്കിലെടുത്ത് അന്വേഷണം വിജിലൻസ്എസ്.പി ഉമാ ബെഹ്റയെ ഏൽപ്പിക്കാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്.

ചെമ്പനോട വില്ലേജ് ഓഫീസിൽ മാത്രമല്ല, സംസ്ഥാനത്ത്ഭൂരിഭാഗം വില്ലേജ്ഓഫീസുകളും അഴിമതിയുടെ കൂത്തരങ്ങാണെന്നാണ് പൊതുവെയുള്ള വിമർശനം.

---

### സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും

തിരുവനന്തപുരം: നെല്ലിയോട് മേലേ റസി. അസോസിയേഷന്റെയും ജില്ലാ ഹോമിയോ ഡയറക്ടറേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നാളെ രാവിലെ 9 മണി മുതൽ 11 മണി വരെ പകർച്ചപ്പനികൾക്കെതിരെയുള്ളസൗജന്യ മരുന്നു വിതരണവും മെഡിക്കൽ ക്യാമ്പും നെല്ലിയോട് മേലേ റസി. അസോസിയേഷൻ ഓഫീസിൽ നടത്തുന്നു.

പരിപാടിയുടെ ഉദ്ഘാടനം പുഞ്ചക്കരി വാർഡ് കൗൺസിലർ എ.ജി. കൃഷ്ണവേണി നിർവഹിക്കും. ജില്ലാ മെഡിക്കൽ ഓഫീസർമാരായ ഡോ. അനുജ കെ, ഡോ. ശാലിനി എസ്. എന്നിവർ ക്യാമ്പ് നയിക്കും.

വിശദവിവരങ്ങൾക്ക് : പ്രസിഡന്റ് എം.എസ്. ബാബു അലക്സ്, ഫോൺ : 9961863045, സെക്രട്ടറി : ജോസ് മെസ്മിൻ വൈ, ഫോൺ : 9020536238.

### കെ. ബാലകൃഷ്ണൻ സ്മാരകപത്രപ്രവർത്തക സമിതി

തിരുവനന്തപുരം: കെ. ബാലകൃഷ്ണൻ സ്മാരക പത്രപ്രവർത്തക സമിതി ജില്ലാ പ്രവർത്തക സമ്മേളനം സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രൊഫ. എൻ. രഘുദേവ് ഇന്ന് ഉച്ചയ്ക്ക് ഒരുമണിക്ക് പൂർണാ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. ബൈജു എസ്. പട്ടത്താനത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ അഡ്വ. പി. ഗോപകുമാർ, ജേക്കബ് കെ. എബ്രഹാം, കൊല്ലം എ.ഡി. ബാബുരാജ് തുടങ്ങിയവർ പങ്കെടുക്കും.

### മൂന്നാം മനയ്ക്കൽ ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റ് സ്വിച്ച് ഓൺ കർമ്മം

തിരുവനന്തപുരം: ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പേട്ട വാർഡിലെ മൂന്നാം മനയ്ക്കൽ ജംഗ്ഷനിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ സ്വിച്ച് ഓൺ കർമ്മം ഇന്ന് വൈകിട്ട് 6ന് മേയർ വി.കെ. പ്രശാന്ത് നിർവഹിക്കും. മരാമത്ത്കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സഫീറാബീഗം, വാർഡ് കൗൺസിലർ ഡി. അനിൽകുമാർ എന്നിവർ പങ്കെടുക്കും.